LIBRARY ARCHIVES Kerala Legislative Assembly

കുടുംബശ്രീ ഭരണ സമിതിയംഗങ്ങൾ

324 (1798) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുടുംബശ്രീയുടെ തിരുവനന്തപുരത്തുള്ള രണ്ടു ഭരണസമിതി അംഗങ്ങൾ കുടുംബശ്രീയുടെ ചെലവിൽ എവിടെയാണ് താമസിക്കുന്നതെന്നും അവർക്ക് താമസം, ഭക്ഷണം എന്നിവയ്ക്ക് പ്രതിമാസം എത്ര തുക ചെലവഴിക്കപ്പെടുന്നതെന്നും ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ഈയിനത്തിൽ മാത്രം എത്ര തുക വിനിയോഗിച്ചുവെന്നും ഇനം തിരിച്ചു വ്യക്തമാക്കുമോ?

ഉത്തരം

കുടുംബശ്രീയുടെ ഭരണ സമിതിയംഗങ്ങൾ കുടുംബശ്രീയുടെ ചെലവിൽ താമസിക്കുന്നില്ല. ഈയിനത്തിൽ കുടുംബശ്രീ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

വികലാംഗരായ സർക്കാർ ജീവനക്കാർ

325 (1799) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ വികലാംഗരായ സർക്കാർ ജീവനക്കാർക്ക് നിയമനത്തിൽ മാത്രമല്ല സ്ഥാനക്കയറ്റത്തിലും സംവരണം ഏർപ്പെടുത്തണമെന്ന സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തെ വികലാംഗരായ ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിലും സംവരണം ഏർപ്പെടുത്താൻ തയ്യാറാകുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു തരുന്നതാണ്.

അംഗൻവാടി ജീവനക്കാരുടെ വേതന വർദ്ധന

326 (1800) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാരുടെ വേതന വർദ്ധനവിനോടൊപ്പം അധിക ചുമതലകൾ നൽകിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) അംഗൻവാടി ജീവനക്കാരുടെ വേതന വർദ്ധനവിന്റെ വിശദാംശങ്ങളും ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പുകളും ലഭ്യമാക്കുമോ ?